രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണ വകുപ്പ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

3 [*252] ശ്രീ. കെ. പി. മോഹനൻ:

ശ്രീ. എ. സി. ഷൺമുഖദാസ്:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എല്ലാ സഹകരണ വകുപ്പ് ജീവനക്കാർക്കും പെൻഷൻ ആനുകൂല്യം നൽകുന്നുണ്ടോ;

(സി) പെൻഷൻ ആനുകൂല്യം ലഭിക്കാത്തവർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) എല്ലാ സഹകരണ സംഘം ജീവനക്കാർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല. ഇ. പി. എഫ്.-ൽ ഉൾപ്പെടാത്ത പ്രാഥമിക സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ ലഭിച്ചുവരുന്നുണ്ട്.

(സി) ഇ. പി. എഫ്.-ൽ ഉൾപ്പെടുന്ന സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല. ടി സംഘങ്ങളെ ഇ. പി. എഫ്. ൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഫീസ് ഘടനയെക്കുറിച്ചുള്ള കോടതി ഉത്തരവും വിദ്യാർത്ഥികളുടെ പഠന പ്രതിസന്ധിയും

4 [*253] ശ്രീ. മഞ്ഞളാംകുഴി അലി:

,, എ. വി. ഗോവിന്ദൻ മാസ്റ്റർ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഉയർന്ന ഫീസ് നൽകാത്തതു മൂലം നിരവധി വിദ്യാർത്ഥികളെ സ്ഥാപനങ്ങളിൽനിന്ന് പുറത്താക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ വിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly